**Website: www.kwa.kerala.gov.in** **Tel. 0471-2738300**

**Mobile/ Whatsapp: +919495998258** Consumer Helpline Number

**1916 [24X7] [Toll Free]**

1916cckwa@gmail.com

**KERALA WATER AUTHORITY**

**Jalabhavan**

**Thiruvananthapuram – 695033**

**Kerala - India**

## കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടറുടെ നടപടിക്രമം

**PRESENT : Binu Francis IAS**

വിഷയം: കെ.ഡബ്ല്യൂ.എ. - ആർ.എം.സി. - ഗാർഹിക ഉപഭോക്താക്കളുടെ നിലവിലെ ലീക്ക് ആനുകൂല്യം പുതുക്കുന്നതും, സീവറേജ് ചാർജിന് കൂടി ലീക്ക് ആനുകൂല്യം നല്കുന്നതും, O.T.S. മുഖേന കുറവ് ചെയ്യുന്ന തുകയുടെ പരിധി പുനഃനിശ്ചയിക്കുന്നതും, വാട്ടർ ചാർജ് കുടിശ്ശിക അടയ്ക്കുന്നതിനുള്ള തവണകളുടെ എണ്ണം പുനഃനിശ്ചയിക്കുന്നതും സംബന്ധിച്ച്.

**No. KWA-JB/3886/2023-R1(RMC)** **Dated:01-08-2024**

---

പരാമർശം:

1. മാനേജിങ് ഡയറക്ടറുടെ 26/09/2016-ലെ KWA/HO/RMC/R4-001/2016 നമ്പർ ഉത്തരവ്.
2. മാനേജിങ് ഡയറക്ടറുടെ 07/02/2023-ലെ KWA/HO/RMC/941/2011 നമ്പർ ഉത്തരവ്.
3. GO(P) No- 28/2022/WRD DT. 21/11/2022
4. കേരള വാട്ടർ അതോറിറ്റി ബോർഡിന്റെ 25/05/2024-ലെ 436-മത് മീറ്റിംഗിലെ 11341 നമ്പർ തീരുമാനം.
5. ചീഫ് എഞ്ചിനീയർ (എച്ച് ആർ ഡി & ജനറൽ)-ൻറെ 05-08-2020 -ലെ 6510/E1/2020/(1) നമ്പർ നടപടി ക്രമം.
6. മാനേജിങ് ഡയറക്ടറുടെ 04/11/2020-ലെ KWA/HO/RMC/R2/760/2020 നമ്പർ ഉത്തരവ്.

## ഉത്തരവ്

കേരള വാട്ടർ അതോറിറ്റി ഗാർഹിക ഉപഭോക്താക്കൾക്ക് കണ്ടുപിടിക്കപ്പെടാതെ പെട്ടെന്ന് ഉണ്ടാകുന്ന ചോർച്ച കാരണമുണ്ടാകുന്ന അധിക ബില്ലുകൾക്ക് സൂചന ഒന്ന് പ്രകാരം ലീക്ക് ആനുകൂല്യം നൽകി വരുന്നു. വാട്ടർ മീറ്ററിന് ശേഷം പൈപ്പുകളിലുണ്ടാകുന്ന അറിയപ്പെടാത്ത

ചോർച്ചകൾക്കാണ് (Hidden Leakage) ഈ ലീക്ക് ആനുകൂല്യം നൽകുന്നത്. നിലവിൽ ചോർച്ചയുണ്ടായ കാലയളവിലെ 50 KL ന് മുകളിലുള്ള ഓരോ കിലോ ലിറ്ററിനും 20 രൂപ കുറവ് ചെയ്ത് നൽകുന്നു.

സൂചന രണ്ട് പ്രകാരം വാട്ടർ ചാർജും സൂചന മൂന്ന് പ്രകാരം സീവറേജ് ചാർജും വർദ്ധിപ്പിക്കുകയുണ്ടായി. ചോർച്ച മൂലം വാട്ടർ ചാർജിൽ വലിയ വർദ്ധനവ് ഉണ്ടാകുമ്പോൾ സീവറേജ് ചാർജിലും ആനുപാതികമായി വർദ്ധനവ് ഉണ്ടാകുന്നു. ഇത് സംബന്ധിച്ച് ഉപഭോക്താക്കളിൽ നിന്നും നിരവധി പരാതികൾ ലഭിക്കുകയുണ്ടായി. പ്രസ്തുത വിഷയം കേരള വാട്ടർ അതോറിറ്റി ബോർഡിന്റെ പരിഗണയ്ക്കായി സമർപ്പിക്കുകയും ബോർഡ് ടി ശുപാർശ സൂചന നാല് പ്രകാരം അംഗീകരിക്കുകയുമുണ്ടായി. ആയതിനാൽ ഗാർഹിക ഉപഭോക്താക്കൾക്ക് നൽകുന്ന ചോർച്ച ആനുകൂല്യം 25/05/2024 മുതൽ താഴെ പറയും പ്രകാരം പുതുക്കി ഉത്തരവാകുന്നു.

1. ചോർച്ച മൂലം ഉണ്ടാകുന്ന 50 KL-നു മുകളിൽ ഉള്ള ഉപഭോഗം/റീഡിങ്ങുകൾക്കു കിലോ ലിറ്ററിന് ഇപ്പോൾ നൽകുന്ന സൗജന്യം 20 രൂപ എന്നത് 50 KL-നു മുകളിൽ ഉള്ള ഉപഭോഗം/റീഡിങ്ങുകൾക്കു കിലോ ലിറ്ററിന് വാട്ടർ ചാർജ് നിരക്കിന് 50 % എന്ന നിരക്കിൽ ഇളവ് നൽകാവുന്നതാണ്.
2. ചോർച്ച മൂലം വാട്ടർ ചാർജിന് അനുസൃതമായി സീവറേജ് ചാർജിൽ വർദ്ധനവുണ്ടാകുന്ന ഉപഭോക്താക്കൾക്ക് ലീക്ക് കാലയളവിന് മുമ്പുള്ള മാസത്തെ സീവറേജ് ചാർജോ അല്ലെങ്കിൽ ലീക്ക് കാലയളവിന് മുൻപുള്ള ആറ് മാസത്തെ ജല ഉപഭോഗത്തിൻറെ ആവറേജ് പ്രകാരമുള്ള സീവറേജ് ചാർജോ ഏതാണോ കൂടുതൽ അത് ഈടാക്കേണ്ടതാണ്.
3. ആറ് മാസത്തിലധികം കാലയളവിൽ ലീക്ക് പരിഹരിക്കാതെ നിലനിന്നാലും ചോർച്ച ആനുകൂല്യം (Leak Benefit) നൽകുന്നതിനുള്ള പരമാവധി കാലയളവ് ആറ് മാസമായി നിജപ്പെടുത്തിയിരിക്കുന്നു.
4. ചോർച്ച ആനുകൂല്യത്തിനുള്ള അർഹത ലീക്ക് തീയതി മുതൽ ഒരു വർഷത്തിനകം ലഭിക്കുന്ന പരാതികൾക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു.
5. ചോർച്ച ആനുകൂല്യം നൽകിയ ഒരു കണക്ഷന് കുറഞ്ഞത് പത്ത് വർഷം കഴിഞ്ഞു മാത്രമേ മറ്റൊരു ചോർച്ച ആനുകൂല്യത്തിന് അർഹതയുള്ളൂ.

ലീക്ക് ബെനിഫിറ്റ് അനുവദിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും തവണകൾ അനുവദിക്കുന്നതിനും ഉദ്യോഗസ്ഥർക്കുള്ള പരിധി നിശ്ചയിച്ചുകൊണ്ട് സൂചന ഒന്ന് പ്രകാരം ഉത്തരവായിരുന്നു. സൂചന ആറ് പ്രകാരം ഓരോ ഓഫീസർക്കും കുറവ് ചെയ്യാവുന്ന തുക സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകിയിരുന്നു. ഈ സാമ്പത്തിക പരിധി പുതുക്കുന്നതിനായുള്ള നിർദ്ദേശം കേരള വാട്ടർ അതോറിറ്റി ബോർഡിന്റെ പരിഗണയ്ക്കായി സമർപ്പിക്കുകയും ബോർഡ് പ്രസ്തുത ശുപാർശ സൂചന നാല് പ്രകാരം അംഗീകരിക്കുകയും ചെയ്തു.

ചോർച്ച ആനുകൂല്യത്തിനുള്ള (ലീക്ക് ബെനിഫിറ്റ്) അപേക്ഷകൾ സെക്ഷൻ ഓഫീസുകളിൽ സ്വീകരിക്കേണ്ടതും മീറ്റർ ഇൻസ്‌പെക്ടർ, അസിസ്റ്റൻറ് എഞ്ചിനീയർ എന്നിവരുടെ റിപ്പോർട്ട് സഹിതം റവന്യൂ ഓഫീസർക്കു കൈമാറേണ്ടതുമാണ്.

| ലീക്ക് ബെനിഫിറ്റ് പരിഗണിക്കുമ്പോൾ കുറവ് ചെയ്യാവുന്ന പരിധി (തുക ലക്ഷത്തിൽ ) | | |
|---|---|---|
| തസ്തിക | കുറവ് ചെയ്യാവുന്ന പരിധി-ഗാർഹികം | സമയ പരിധി |
| എക്സിക്യൂട്ടീവ് എൻജിനീയർ/റവന്യൂ ഓഫീസർ | **2.00** ലക്ഷം രൂപ വരെ | ലഭിക്കുന്ന പരാതികൾ, റവന്യൂ ഓഫീസർമാർ 14 ദിവസത്തിനുള്ളിലും അക്കൗണ്ട്സ് ഓഫീസർമാർ 30 ദിവസത്തിനുള്ളിലും പരിഹരിക്കേണ്ടതുമാണ്. |
| സൂപ്രണ്ടിങ് എൻജിനീയർ/അക്കൗണ്ട്സ് ഓഫീസർ | **5.00** ലക്ഷം രൂപ വരെ | |

ഓരോ ഓഫീസർക്കും ഒ.ടി.എസ് പരിഗണിക്കുമ്പോൾ കുറവ് ചെയ്യാവുന്ന സാമ്പത്തിക പരിധി താഴെ പറയും പ്രകാരം പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

| ഒ.ടി.എസ് പരിഗണിക്കുമ്പോൾ കുറവ് ചെയ്യാവുന്ന പരിധി (തുക ലക്ഷത്തിൽ ) | | |
|---|---|---|
| തസ്തിക | ഗാർഹികേതര, ഇൻഡസ്ട്രിയൽ & സ്പെഷ്യൽ (Pvt) | **Govt./ Quasi Govt./ Local Self Govt.** |
| ചീഫ് എൻജിനീയർ | പരിധിയില്ല | -- |
| സൂപ്രണ്ടിങ് എൻജിനീയർ/അക്കൗണ്ട്സ് ഓഫീസർ | **5** | -- |
| എക്സിക്യൂട്ടീവ് എൻജിനീയർ/റവന്യൂ ഓഫീസർ | **2** | പരിധിയില്ല |

ഗാർഹികേതര കണക്ഷനുകളുടെ കുടിശ്ശിക തീർപ്പാക്കുന്നതിനായി ഒറ്റ തവണ തീർപ്പാക്കൽ (**O.T.S**) പദ്ധതി പ്രകാരം ലഭിക്കുന്ന അപേക്ഷകൾ 30 ദിവസത്തിനുള്ളിൽ തന്നെ പരിഹരിക്കേണ്ടതാണ്.

വാട്ടർ അതോറിറ്റിയുടെ ഉപഭോക്താക്കളുടെ വിവിധ പരാതികളിൽ തീർപ്പു കല്പിക്കുമ്പോൾ കുറവ് ചെയ്യാവുന്ന തുകയുടെ പരിധി താഴെ പറയും പ്രകാരമാണ്.

| പരാതികളിൽ തീർപ്പു കല്പിക്കുമ്പോൾ കുറവ് ചെയ്യാവുന്ന പരിധി (തുക ലക്ഷത്തിൽ ) | |
|---|---|
| തസ്തിക | ഗാർഹികം |
| ചീഫ് എൻജിനീയർ | പരിധിയില്ല |
| സൂപ്രണ്ടിങ് എൻജിനീയർ/അക്കൗണ്ട്സ് ഓഫീസർ | **5** |
| എക്സിക്യൂട്ടീവ് എൻജിനീയർ/റവന്യൂ ഓഫീസർ | **2** |

വാട്ടർ ചാർജ് കുടിശ്ശിക അടയ്ക്കുന്നതിന് ഉപഭോക്താക്കൾക്ക് നിലവിൽ അനുവദിച്ചിരുന്ന തവണകളുടെ എണ്ണം സൂചന നാല് പ്രകാരം പുനഃ ക്രമീകരിച്ചിരിക്കുന്നു. പുതുക്കിയ തവണകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| തസ്തിക | തവണകളുടെ എണ്ണം |
|---|---|
| മാനേജിങ് ഡയറക്ടർ | **20 നു മുകളിൽ പരിധിയില്ലാതെ** |
| അക്കൗണ്ട്സ് മെമ്പർ | **20** |
| ചീഫ് എഞ്ചിനീയർ/അക്കൗണ്ട്സ് ഓഫീസർ (റീജിയൻ)/ ഡെപ്യൂട്ടി അക്കൗണ്ട്സ് മാനേജർ | **10** |
| സൂപ്രണ്ടിങ് എഞ്ചിനീയർ / അക്കൗണ്ട്സ് ഓഫീസർ | **8** |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ / റവന്യൂ ഓഫീസർ | **5** |
| അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | **3** |
| അസിസ്റ്റൻറ് എഞ്ചിനീയർ / റെവന്യൂ ഹെഡ് ക്ലർക്ക് | **2** |

Dr.ബിനു ഫ്രാൻസിസ് ഐ.എ.എസ്

മാനേജിങ് ഡയറക്ടർ

Signed by
Binu Francis
Date: 01-08-2024 22:13:36

**To**

1. എല്ലാ ചീഫ് എഞ്ചിനീർമാർക്കും, അക്കൗണ്ട്സ് ഓഫീസർ മാർക്കും റീജിയണൽ ഡെപ്യൂട്ടി അക്കൗണ്ട്സ് മനേജ ർക്കും.
2. എല്ലാ സൂപ്രണ്ടിങ് എഞ്ചിനീർമാർക്കും ,അക്കൗണ്ട്സ് ഓഫീസർമാർക്കും.
3. എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീർമാർക്കും, റവന്യൂ ഓഫീസർമാർക്കും.
4. എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീർമാർക്കും
5. എല്ലാ അസിസ്റ്റന്റ് എഞ്ചിനീർമാർക്കും